"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിഭാരനിർണ്ണയവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് വേണ്ടി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.629/2022/HEDN തീയതി,തിരുവനന്തപുരം, 04-05-2022

പരാമർശം:- 1. G.O.(Ms) No.155/2020/HEDN, dated 01/04/2020

2. G.O(Ms) No.313/2020/HEDN, dated 11/09/2020

ഉത്തരവ്

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിഭാര നിർണ്ണയവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി ചുവടെ ചേർക്കുന്നവരെയുൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

കമ്മിറ്റി അംഗങ്ങൾ

1. ഡോ.ഡി.കെ.സതീഷ്

ആഷ്ലി ഹോം, കോൺകോർഡിയ ലെയ്ൻ, സിവിൽ സ്റ്റേഷൻ റോഡ്, പേരൂർക്കട.പി.ഒ., തിരുവനന്തപുരം,

email:drdksathish@gmail.com, Phone:9847558833

2. പ്രൊഫ.കെ.എസ്. ജയചന്ദ്രൻ

നിരഞ്ജന, പകലോമറ്റം.പി.ഒ., കോട്ടയം-686633,email: ksjchand@gmail.com

3. ഡോ.കെ.പി.സുകുമാരൻ നായർ

മിഥില, ചെറുവള്ളി പി.ഒ., കോട്ടയം-686543,

email:kpsukumaransdc@gmail.com Phone:9447134637

കമ്മിറ്റിയുടെ പരിഗണനാവിഷയങ്ങൾ ചുവടെ ചേർക്കുന്നു:

1. അദ്ധ്യാപക തസ്തികകളിലെ നിയമനത്തിന് 01-06-2020 മുതൽ പി.ജി. വെയിറ്റേജ് ഇല്ലാതെ 16 മണിക്കൂർ ജോലിഭാരം നിർബന്ധമാക്കിയ നിബന്ധന ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ പ്രത്യാഘാതങ്ങൾ ആണ് സൃഷ്ടിച്ചിട്ടുള്ളത് ?

2. ജോലിഭാരം കണക്കാക്കുമ്പോൾ പി.ജി. അദ്ധ്യാപനത്തിന് നൽകി വന്നിരുന്ന വെയിറ്റേജ് ഒഴിവാക്കിയ തീരുമാനം ഭാവിയിൽ പി.ജി. അധ്യയനത്തിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കുമോ?

3. 16 മണിക്കൂറിൽ കുറവ് മാത്രം ജോലിഭാരം ഉണ്ടാവാൻ സാധ്യതയുള്ള സിംഗിൾ ഫാക്കൽറ്റി (മലയാളം, ഹിന്ദി മുതലായ) വിഷയങ്ങളിൽ സ്ഥിരം തസ്തികകൾ ഇല്ലാതാവുന്നത് ടി പഠന വിഭാഗങ്ങളെ എങ്ങനെ ബാധിയ്ക്കും? സിംഗിൾ ഫാക്കൽറ്റി വിഷയങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ടോ?

4 .സംസ്ഥാനത്ത് നിലവിലുള്ള ജോലിഭാര നിബന്ധന യു.ജി.സി. മാർഗ്ഗ നിർദ്ദേശങ്ങളുമായും ചട്ടങ്ങളുമായും പൊരുത്തപ്പെടുന്നവയാണോ?

5 .01-04-2020-ലെ GO(MS) No.155/2020/HEDN ഉത്തരവ് പ്രകാരം 16 മണിക്കൂറിൽ താഴെ ജോലിഭാരമുള്ള തസ്തികകളിലുള്ള അദ്ധ്യാപകർ റിലീവ് ചെയ്താൽ ടി തസ്തികകൾ ഇല്ലാതാവുമെന്നതിനാൽ അദ്ധ്യാപകർക്ക് അർഹതപ്പെട്ട സ്ഥലം മാറ്റങ്ങൾ ലഭ്യമാവാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

അദ്ധ്യാപകർക്ക് അർഹതപ്പെട്ട സ്ഥലംമാറ്റ അവകാശം തടസ്സം കൂടാതെ തുടർന്നും ലഭ്യമാവുന്നതിനുള്ള ശിപാർശ സമർപ്പിക്കുക .

കമ്മിറ്റി മേൽ വിഷയങ്ങൾ പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ കമ്മിറ്റിയുടെ പ്രവർത്തനത്തിന് ആവശ്യമായ സൗകര്യങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹരി കുമാർ ജി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) ഡോ.ഡി.കെ.സതീഷ്, ആഷ്ലി ഹോം, കോൺകോർഡിയ ലെയ്ൻ, സിവിൽ സ്റ്റേഷൻ റോഡ്,പേരൂർക്കട. പി.ഒ., തിരുവനന്തപുരം
3) പ്രൊഫ.കെ.എസ്.ജയചന്ദ്രൻ, നിരഞ്ജന,പകലോമറ്റം.പി.ഒ.,കോട്ടയം-686633
4) ഡോ.കെ.പി.സുകുമാരൻ നായർ, മിഥില, ചെറുവള്ളി പി.ഒ., കോട്ടയം-686543
5) ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
6) ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
7) ഓഫീസ് കോപ്പി/ കരുതൽ കോപ്പി (D1/97/2022/HEDN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ